## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *44 24.01.2018- ൽ മറുപടിക്ക്

### നാനോ വ്യവസായ യൂണിറ്റുകൾ

**ചോദ്യം**

ശ്രീ. കെ. വി. അബ്ദുൾ ഖാദർ
ശ്രീമതി. പി . അയിഷാ പോറ്റി
ശ്രീ. സി. കെ. ഹരീന്ദ്രൻ
ശ്രീ. കെ. ഡി. പ്രസേനൻ

**ഉത്തരം**

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | വീട്ടുകളിൽ നാനോ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) & ബി) | സംസ്ഥാനത്തിന്റെ പ്രത്യേക ഭൂപ്രകൃതിയും സാമൂഹിക സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്കും അതി സൂക്ഷ്മ നാനോ വ്യവസായങ്ങൾക്കും വളരെ പ്രാധാന്യമുണ്ട്. അതിനായി സർക്കാർ ഗാർഹിക നാനോ വ്യവസായ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. 5 ലക്ഷം രൂപയിൽ താഴെ യന്ത്ര സാമഗ്രികളിൽ സ്ഥിര നിക്ഷേപം വരുന്ന വീടിനോട് ചേർന്നോ, അല്ലെങ്കിൽ വീടിനുള്ളിൽത്തന്നെയോ തുടങ്ങാവുന്ന വ്യവസായങ്ങൾക്കാണ് നാനോ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.<br>ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും അഞ്ചു ലക്ഷം രൂപ വരെ ടേം വായ്പ എടുക്കുന്ന സംരംഭകർക്ക് വാർഷിക പലിശയിൽ 6% സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾക്കും പട്ടികജാതി/ വർഗ വിഭാഗങ്ങൾക്കും പലിശയിൽ 8% വരെ പലിശ മടക്കി കൊടുക്കുന്നു. 3 വർഷം ഇതേ രീതിയിൽ സബ്സിഡി നൽകുന്നു. |
| ബി) | ഇത്തരം നാനോയൂണിറ്റുകൾ തുടങ്ങുന്നതിനായി എന്തെല്ലാം ഇളവുകൾ നല്കാനാണുദ്ദേശിക്കുന്നത്; | | |
| സി) | നാനോ യൂണിറ്റുകളെ തദ്ദേശ സ്ഥാപനങ്ങളുടെ ലൈസൻസ് പരിധിയിൽനിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) | പരിസ്ഥിതി ദോഷമില്ലാത്ത ഗാർഹിക യൂണിറ്റുകളെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ലൈസൻസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള കൂടിയാലോചനകൾ തുടരുന്നു. |
| ഡി) | ഇത്തരം യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാനോ യൂണിറ്റ് ശൃംഖലയെ നികുതിയിൽ നിന്ന് ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ